## 15/03/2021 ൽ ചേർന്ന സ്പെഷ്യൽ ടെക്നിക്കൽ അടങ്കൽ പരിശോധന കമ്മിറ്റിയുടെ (through VC) തീരുമാനം

ഫയൽ നമ്പർ : കെഡബ്ല്യൂഎ/സിഇ/സിആർ/കെടിഎ/920/2021.

പ്രവൃത്തിയുടെ പേര് : കിഫ്ബി TRAN – 10 – WRD 025 – 06– ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ പഞ്ചായത്തിനായുള്ള ശുദ്ധജലവിതരണ പദ്ധതി പാർട്ട്– 2 പാക്കേജ്– 3 – Design and construction of check dam across Periyar river at Thonithady.

**യോഗത്തിൽ പങ്കെടുത്തവർ.**

1. ശ്രീ. സുധീർ ടി. എസ്, ചീഫ് എഞ്ചീനീയർ, മദ്ധ്യമേഖല, കൊച്ചി.
2. ശ്രീ. അനിൽ കുമാർ കെ. കെ, സൂപ്രണ്ടിംഗ് എഞ്ചീനീയർ, പി. എച്ച് സർക്കിൾ, മൂവാറ്റുപുഴ.
3. ശ്രീമതി അനിത സി. ഒ, ഡെപ്യൂട്ടി ചീഫ് എഞ്ചീനീയർ, മദ്ധ്യമേഖല, കൊച്ചി.
4. ശ്രീമതി. ഷീലാ പി. കെ, എക്സിക്യൂട്ടീവ് എഞ്ചീനീയർ, പ്രൊജക്ട് ഡിവിഷൻ, കട്ടപ്പന.

2017–18 വർഷത്തെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 13/11/2018 ലെ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഉത്തരവ് നമ്പർ WRD-025-06-PA-01 പ്രകാരം അനുമതി ലഭിച്ച 46.424 കോടി രൂപയുടെ ശുദ്ധജലവിതരണപദ്ധതിയാണ് അയ്യപ്പൻകോവിൽ പഞ്ചായത്തിലേക്കുള്ള ശുദ്ധജലവിതരണപദ്ധതി.

ഈ പദ്ധതിയിൽ 2 ഭാഗങ്ങളാണ് ഉള്ളത്.

1) TRAN – 10 – WRD 025 – 06 – Water Supply Scheme to Ayyappankovil Panchayat in Idukki District.

   Part I – Extension of distributions lines to uncovered area of Ayyapankovil panchayath – Rs. 2498.58 lakhs.

2) TRAN – 10 – WRD 025 – 06 – Water Supply Scheme to Ayyappankovil Panchayat in Idukki District.

   Part II – Balance work for on going Water Supply Scheme - Rs. 2143.858 lakhs.

ഇതിൽ പാർട്ട് 2 – മൂന്ന് പാക്കേജുകളായി അടങ്കൽ തയ്യാറാക്കി സാങ്കേതികാനുമതി നൽകി പദ്ധതി പൂർത്തികരിക്കുന്നതിന് കേന്ദ്ര കാര്യാലയത്തിൽ നിന്നും നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പാർട്ട് 2 പാക്കേജ് 3 സാങ്കേതികാനുമതി

ക്കായി സൂപ്രണ്ടിംഗ് എഞ്ചിനീയർ മൂവാറ്റുപുഴ സമർപ്പിച്ചിട്ടുണ്ട്. ഈ അടങ്കൽ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു അടങ്കലിൽ കണ്ടെത്തിയ താഴെ പറയുന്ന തിരുത്തലുകൾ നടത്തുന്നതിനായി തീരുമാനം എടുത്തു.

1) അടങ്കലിൽ ഉൾപ്പെടുത്തിയിട്ടുള്ള കയത്തിന്റെ ക്രോസ് സെക്ഷൻ ഡീറ്റയിൽസ് എടുത്ത് സമർപ്പിക്കുവാനും ചെക്ക് ഡാമിന്റെ ലൊക്കേഷൻ കയം ഒഴിവാക്കി ഫിക്സ് ചെയ്യുവാനുള്ള സാധ്യത കൂടി പരിശോധിച്ചും അത് അനുസരിച്ച് അടങ്കലിൽ ആവശ്യമായ തിരുത്തലുകൾ നടത്തേണ്ടതുമുണ്ട്.
2) ഡീറ്റേയിൽസ് 3 ൽ അപ്‌ലോഡ് ചെയ്തിട്ടുള്ള സൗണ്ടിംഗ് ഗ്രാഫും ടേബിളും സാക്ഷ്യപ്പെടുത്തി തരേണ്ടതാണ്. ചെക്ക് ഡാമിന്റെ ലൊക്കേഷൻ ഇതിൽ രേഖപ്പെടുത്തേണ്ടതാണ്.
3) Item No. 9 filling with contractor's on erath – ആവശ്യകതയും അളവും സംബന്ധിച്ച വിശദീകരണം നൽകേണ്ടതുണ്ട്.
4) അടങ്കലിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെക്ക് ഡാമിന്റെ ഡിസൈൻ ചാർജ്ജും പകർപ്പിനുള്ള ചാർജ്ജും കൂടിയതായി കണ്ടെതിനാൽ പുന:പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതുണ്ട്.

മേൽ പറഞ്ഞ തിരുത്തലുകൾ വരുത്തുന്നതിനായി അടങ്കൽ തിരികെ നൽകാൻ തീരുമാനിച്ചു. അയ്യപ്പൻകോവിൽ, കാഞ്ചിയാർ എന്നീ പഞ്ചായത്തുകളിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കണമെങ്കിൽ ഈ കിഫ്ബി പ്രവൃത്തിയുടെ പൂർത്തീകരണം അനിവാര്യമാണ് ആയതിനാൽ അടങ്കൽ എത്രയും പെട്ടെന്ന് തിരുത്തി നൽകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകാൻ കമ്മിറ്റി തീരുമാനിച്ചു.

17/3/2021

ചീഫ് എഞ്ചിനീയർ